# President of India addresses Indian Community and Friends of India in Bangladesh on the concluding day of his visit to the Country

December 17, 2021

---

**ബംഗ്ലാദേശ് സന്ദർശനത്തിന്റെ സമാപന ദിവസം രാജ്യത്തെ ഇന്ത്യൻ സമൂഹത്തെയും ഇന്ത്യൻ സുഹൃത്തുക്കളെയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ പ്രഭാഷണം**

ഡിസംബർ 17, 2021

ബംഗ്ലാദേശ് സന്ദർശനത്തിന്റെ സമാപന ദിവസം (ഡിസംബർ 17, 2021) ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ധാക്കയിൽ ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ശ്രീ വിക്രം കെ ദൊരൈസ്വാമി ആതിഥേയത്വം വഹിച്ച ഇന്ത്യൻ സമൂഹത്തിന്റെയും ഫ്രണ്ട്സ് ഓഫ് ഇന്ത്യയുടെയും സ്വീകരണത്തിൽ പങ്കെടുത്തു.

ഈ യോഗത്തിന് തൊട്ടുമുമ്പ് ധാക്കയിലെ നവീകരിച്ച ചരിത്രപ്രസിദ്ധമായ രാമനാ കാളി ക്ഷേത്രം ഉദ്ഘാടനം ചെയ്യാനുള്ള അവസരം തനിക്ക് ലഭിച്ചുവെന്ന് സദസിനെ അഭിസംബോധന ചെയ്ത രാഷ്ട്രപതി പറഞ്ഞു. വിമോചനയുദ്ധത്തിൽ പാകിസ്ഥാൻ സൈന്യം തകർത്ത ക്ഷേത്രം പുനഃസ്ഥാപിക്കാൻ ബംഗ്ലാദേശിലെയും ഇന്ത്യയിലെയും ഭരണകൂടങ്ങളും ജനങ്ങളും സഹായിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി.അധിനിവേശ സേനയുടെ ആക്രമണത്തിൽ ധാരാളം ആളുകൾ കൊല്ലപ്പെട്ടിരുന്നു. ഇന്ത്യയിലെയും ബംഗ്ലാദേശിലെയും ജനങ്ങൾ തമ്മിലുള്ള ആത്മീയവും സാംസ്കാരികവുമായ ബന്ധത്തിന്റെ പ്രതീകമാണ് ഈ ക്ഷേത്രമെന്ന് അദ്ദേഹം പറഞ്ഞു.
ഇന്ത്യക്കാരുടെ ഹൃദയത്തിൽ ബംഗ്ലാദേശിന് പ്രത്യേക സ്ഥാനമുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ബന്ധുത്വം, ഭാഷ, സംസ്കാരം എന്നിവയുടെ പഴക്കമുള്ള ബന്ധങ്ങളെ അടിസ്ഥാനമാക്കിയുള്ള സവിശേഷമായ സഹകരണമാണ് ഞങ്ങളുടേത്. ഇരു രാജ്യങ്ങളുടെയും സമർത്ഥമായ നേതൃത്വമാണ് ഈ ബന്ധം പരിപോഷിപ്പിച്ചത്.

പുരോഗമനപരവും സമഗ്രവും ജനാധിപത്യപരവും യോജിപ്പുള്ളതുമായ സമൂഹത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തുന്നത് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ പ്രധാന സംഭാവനകളിലൊന്നാണെന്ന് രാഷ്ട്രപതി പറഞ്ഞു. രാജ്യത്തിലെ

വിമോചന പ്രസ്ഥാനത്തിൽ നിന്ന് ഉയർന്നുവരുന്ന മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബംഗ്ലാദേശിന് ഇന്ത്യ പിന്തുണ നൽകുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

നമ്മുടെ വളർച്ചാ പാതകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും വിഭവങ്ങളും പരിചയ സമ്പത്തും പങ്കുവയ്ക്കുകയാണ് സുസ്ഥിര വികസനത്തിനുള്ള മന്ത്രമെന്നും ഇരു രാജ്യങ്ങളിലെയും നേതൃത്വത്തിന് ബോധ്യമുണ്ടെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. നമ്മുടെ വളർച്ചയെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദപരവുമാക്കുന്നതിന് ഇരുപക്ഷവും ശക്തമായ പ്രതിബദ്ധതകൾ കൈക്കൊണ്ടിട്ടുണ്ടെന്നും നിരീക്ഷിക്കുന്നതിൽ  അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.ഗ്രീൻ എനർജി, ക്ലീൻ ടെക്നോളജി എന്നീ മേഖലകളിൽ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ വലിയ സാധ്യതകളാണ് താൻ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഭൂട്ടാനും നേപ്പാളുമായി കര അതിർത്തി പങ്കിടുന്ന ഒരു രാജ്യം എന്ന നിലയിൽ, നമ്മുടെ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതനിലവാരം വികസന ലക്ഷ്യങ്ങളും കൈവരിക്കുന്നതിനും അവരുടെ വളർച്ച കൈവരിക്കുന്നതിനും നന്നായി ബന്ധിപ്പിച്ചതും മികച്ചതുമായ സംയോജിത ഉപമേഖല പ്രധാനമാണെന്ന വസ്തുതയെക്കുറിച്ച് ഇന്ത്യ ബോധവാന്മാരാണെന്ന് രാഷ്ട്രപതി പറഞ്ഞു. ഇതേ മനോഭാവത്തിൽ , ബംഗ്ലാദേശ് കൂടുതൽ അഭിവൃദ്ധിയിലേക്ക് നീങ്ങുമ്പോൾ, രാജ്യത്തിന്റെ പങ്കാളിത്തത്തോടെ ശക്തമായ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള യാത്രയിൽ ബംഗ്ലാദേശിനെ സഹായിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ പുതിയ ഉയരങ്ങളിലേക്ക്, പ്രത്യേകിച്ച് ബംഗ്ലാദേശിനും ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലയ്ക്കും ഇടയിലുള്ള ഭാഗത്ത് വർധിപ്പിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഇരുവശത്തുമുള്ള ബിസിനസ്സ് കമ്മ്യൂണിറ്റികളോടും അദ്ദേഹം അഭ്യർത്ഥിച്ചു.
ബംഗ്ലാദേശിലെ ഇന്ത്യൻ സമൂഹത്തെ അഭിനന്ദിച്ച രാഷ്ട്രപതി, ബംഗ്ലാദേശിലെ പ്രാധാന്യമുള്ള വിവിധ മേഖലകളിൽ അവർ വ്യക്തിമുദ്ര പതിപ്പിച്ചതായി അഭിപ്രായപ്പെട്ടു ബംഗ്ലാദേശിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് അവർ സംഭാവന നൽകുന്ന സമയത്ത് തന്നെ ഇന്ത്യ-ബംഗ്ലാദേശ് ദീർഘകാല സഹകരണത്തിനായുള്ള  ഉഭയകക്ഷി ബന്ധങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തു .സ്വന്തം മേഖലയിൽ അഭിവൃദ്ധി കൈവരിച്ചുകൊണ്ട് ഇന്ത്യൻ സമൂഹം ഇന്ത്യയെ അഭിമാനം കൊള്ളിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ രാജ്യത്തിന്റെ മൂല്യങ്ങളും പാരമ്പര്യങ്ങളും അവർ പിന്തുടരുന്നു, അത് ബംഗ്ലാദേശുമായുള്ള നമ്മുടെ പങ്കിട്ട പൈതൃകത്തിന്റെ ഭാഗവുമാണ്.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ, സംരക്ഷണം , ക്ഷേമം, സൗഖ്യം എന്നിവ നമ്മുടെ ഗവൺമെന്റിന്റെ മുൻഗണനയാണെന്ന് രാഷ്ട്രപതി പറഞ്ഞു. ലോകത്തിന്റെ എല്ലാ കോണിലും, കഴിഞ്ഞ ഒന്നര വർഷമായി, കോവിഡ് -19 മഹാമാരിയുടെ ഏറ്റവും മോശമായ ഘട്ടത്തിൽ നമ്മുടെ പൗരന്മാരെ നാട്ടിലേക്ക് മടങ്ങാൻ പ്രാപ്തരാക്കാൻ സർക്കാർ പ്രത്യേക ശ്രമങ്ങൾ നടത്തിയിരുന്നു.വിദേശത്തുള്ള ഇന്ത്യൻ പൗരന്മാരുമായും പ്രവാസികളുമായും നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ തുടരുമെന്നും അദ്ദേഹം പറഞ്ഞു. ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ നമ്മുടെ 'വന്ദേ ഭാരത് മിഷനിലും' ദുരിതമനുഭവിക്കുന്ന ഇന്ത്യൻ പൗരന്മാർക്ക് വേണ്ടിയുള്ള മറ്റ് ക്ഷേമ പ്രവർത്തനങ്ങളിലും മുൻപന്തിയിലാണെന്ന കാര്യം അദ്ദേഹം സന്തോഷത്തോടെ കൂട്ടിച്ചേർത്തു.
വിമോചനയുദ്ധത്തിന്റെ സുവർണജൂബിലിയും ബംഗബന്ധുവിന്റെ ജന്മശതാബ്ദിയും നമ്മുടെ സൗഹൃദത്തിന്റെ 50 മാത് വാർഷികവും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75 മാത് വാർഷികവും ആഘോഷിക്കുന്ന ഈ അതിതരസാധാരണമായ ഈ വർഷത്തിൽ, നമ്മുടെ രാഷ്ട്രങ്ങളുടെ സ്ഥാപക പിതാക്കന്മാരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നാം സ്വയം സമർപ്പിക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു. 1971-ൽ രക്തവും ത്യാഗവും കൊണ്ട് നിർമ്മിച്ചെടുത്ത ബന്ധം ഭാവിയിലും നമ്മുടെ രാഷ്ട്രങ്ങളെ ഒരുമിച്ച് ചേർക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ന്യൂ ഡെൽഹി
ഡിസംബർ 17, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.